പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 6583 — 01.11.2011- ൽ മറുപടിക്ക്

കയർ മേഖലയുടെ സമഗ്ര വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. അച്ചുതൻ<br>,, കെ. മുരളീധരൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ മേഖലയുടെ സമഗ്ര വികസനത്തിനായി വിപണി ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള കർമ്മ പരിപാടികൾ എന്തെല്ലാമാണ്; | (എ) കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണി വികസിപ്പിക്കുന്നതിലേക്കായി ചുവടെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.<br>കേരള കയറുല്പന്നങ്ങളുടെ വിപണി ശക്തമാക്കുന്നതിലേക്കായി ഈ മേഖലയിലെ എല്ലാവിഭാഗങ്ങളേയും ഉൾപ്പെടുത്തി കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം രൂപീകരിക്കുന്നതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിഗണനയിലാണ്<br>• ഒരു വീട്ടിൽ ഒരു കയറുല്പന്നം പദ്ധതി നടപ്പിലാക്കി വരുന്നു.<br>• ഉത്സവ കാലയളവുകളിൽ പ്രധാന നഗരങ്ങളിൽ മെട്രോഫെയറുകൾ സംഘടിപ്പിച്ചു വരുന്നു.<br>• പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ വില്പന ശാലകൾ മുഖാന്തിരം കയർ ഫെഡിന്റേയും, കയർ പൊതു മേഖലാസ്ഥാപനങ്ങളുടേയും ഉല്പന്നങ്ങൾ വിറ്റഴിച്ചു വരുന്നു.<br>• കയറുല്പന്നങ്ങളുടെ അന്താരാഷ്ട്ര എക്സിബിഷൻ "കയർ കേരള-2012" - 2012 ഫെബ്രുവരിയിൽ ആലപ്പുഴയിൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

| | |
|---|---|
| | • വിപണി വിപുലീകരണത്തിന് ലക്ഷ്യമിട്ടുകൊണ്ട് കയർ വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അന്താരാഷ്ട്രഫെയറുകളിൽ പങ്കെടുത്തുവരുന്നു. |
| (ബി) വിപണി ശക്തിപ്പെടുത്തുന്നതിന് എല്ലാ നഗരങ്ങളിലും ഷോറൂമുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) വിപണി ശക്തിപ്പെടുത്താമെന്ന് ബോദ്ധ്യമുള്ള എല്ലാ നഗരങ്ങളിലും ഷോറൂമുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| സി) ദേശീയ-അന്തർദേശീയ പ്രദർശനങ്ങളിൽ കയറുൽപ്പന്നങ്ങളുടെ സവിശേഷതകൾ പ്രചരിപ്പിക്കുവാനുള്ള സംവിധാനങ്ങൾക്ക് രൂപം നൽകുമോ; | സി)നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി)ഈ മേഖലയിൽ അവാർഡുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | ഡി)കയർ മേഖലയിലെ കയറ്റുമതി ഉൾപ്പെടെയുള്ള മേഖലകളിൽ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ